(ബി) പുതിയതായി എം.ഡി. തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ള ആളിന് എന്തൊക്കെ യോഗ്യതകളാണുള്ളത്; ഇദ്ദേഹത്തിന്റെ നിയമന ഉത്തരവ് മേശപ്പുറത്തു വയ്ക്കുമോ;

(സി) എന്തൊക്കെ യോഗ്യതാ നിയമങ്ങൾ ഇളവു ചെയ്താണ് പുതിയ എം.ഡി. യെ നിയമിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കയർഫെഡിന്റെ നിയമാവലി അനുശാസിക്കുന്നത് സർക്കാർ അംഗീകാരത്തോടെ മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്നു മാത്രമാണ്. യോഗ്യത എന്തായിരിക്കണമെന്ന് പ്രത്യേകിച്ച് നിഷ്ക്കർഷിച്ചിട്ടില്ല.

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെട്ട ശ്രീ. വി.എ. അരുൺകുമാറിന്റെ യോഗ്യത എം.സി.എ. യും അഞ്ചു വർഷത്തെ മാനേജീരിയൽ തലത്തിലുള്ള പ്രവൃത്തി പരിചയവുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

42 (1268) കൈത്തറി/ഖാദി മേഖലയിലെ മില്ലുകളുടെ എണ്ണം

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി/ഖാദി മേഖലയിലല്ലാതെ കേരളത്തിൽ എത്ര ടെക്സ്റ്റൈൽ മില്ലുകൾ ഉണ്ട്.

(ബി) എൻ.ടി.സി. യുടെ കീഴിൽ വരുന്ന മില്ലുകൾ എത്രയെണ്ണം ഉണ്ട്; ഏതൊക്കെ;

(സി) കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഈ മില്ലുകളിലെ മൊത്തം ഉൽപ്പാദനം വർഷം തിരിച്ച് വിശദമാക്കുമോ;

(ഡി) ഇത് ദേശീയ തുണി ഉൽപ്പാദനത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുപ്പത്തിമൂന്ന്.

(ബി) എൻ.ടി.സി. യുടെ കീഴിൽ 5 മില്ലുകൾ ഉണ്ട്.

1. വിജയമോഹിനി മിൽസ്, തിരുവനന്തപുരം
2. അളഗപ്പ ടെക്സ്റ്റൈൽസ്, തൃശ്ശൂർ
3. പാർവ്വതിമിൽസ്, കൊല്ലം
4. കേരള ലക്ഷ്മി മിൽസ്, തൃശ്ശൂർ
5. കണ്ണൂർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ.

(സി) എൻ.ടി.സി. യുടെ കീഴിലുള്ള മില്ലുകളുടെയും സഹകാര്യ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളുടെയും വിവരം ലഭ്യമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

362/2010.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മില്ലുകളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഉൽപ്പാദനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(ഡി) കേരളത്തിലെ 33 മില്ലുകളിൽ 4 മില്ലുകളിൽ മാത്രമേ തുണി ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഉൽപ്പാദനശേഷിയുടെ അടിസ്ഥാനത്തിൽ മൊത്തം നൂൽ ഉൽപ്പാദനത്തിന്റെ ഉദ്ദേശം 2% മേൽപ്പറഞ്ഞ 33 മില്ലുകളിൽ നിന്നും ഉള്ളതാണ്. എൻ.ടി.സി.യുടെയും പ്രൈവറ്റ് മില്ലുകളുടെയും ഇനം തിരിച്ചുള്ള ഉൽപ്പാദന വിവരം ലഭ്യമല്ല.

43 (1269) ഖാദി കമ്മീഷൻ നൽകുന്ന മാർജിൻ മണിയുടെ പരിധി

ശ്രീ. വി. ബാലറാം :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ഖാദി കമ്മീഷൻ നൽകുന്ന മാർജിൻ മണിയുടെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) ഇതിനകം സംസ്ഥാനത്ത് എത്ര പേർക്ക് ഈ വർദ്ധിപ്പിച്ച ആനുകൂല്യം നൽകുന്നുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ചോദ്യം 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ബാധകമല്ല.

44 (1270) ഖാദി കൈത്തറി മേഖലയിലെ സ്തംഭനാവസ്ഥ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിലും കൈത്തറി മേഖലയിലും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുകയുടെ ഉൽപ്പന്നങ്ങളാണ് ഓരോ മേഖലയിലും കെട്ടിക്കിടക്കുന്നത്;

(സി) ഖാദി കൈത്തറി മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ വ്യക്തമായ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) യൂണിഫോം നിർബന്ധമാക്കിയിട്ടുള്ള സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഖാദി കൈത്തറി തുണിത്തരങ്ങൾ നിർബന്ധമായും ധരിക്കണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly